## പതിമൂന്നാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1003 — 10.02.2016-ൽ മറുപടിക്ക്

### വിനോദ സഞ്ചാര മേഖലകളിലെ പാരിസ്ഥിതിക പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.പി.കെ.ബഷീർ** | **ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)** |
| (എ) കേരളത്തിലെ വിനോദ സഞ്ചാര മേഖലകളിൽ എത്തുന്ന വിനോദ സഞ്ചാരികൾ പ്ലാസ്റ്റിക് വാട്ടർ ബോട്ടിലുകൾ, ക്യാരി ബാഗുകൾ ഇവ ഉപയോഗിച്ച ശേഷം വലിച്ചെറിയുന്നതുമൂലം ഉണ്ടാകുന്ന ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ കേരളത്തിലെ വിനോദസഞ്ചാര മേഖലകളെ പൂർണ്ണമായും പ്ലാസ്റ്റിക് വിമുക്തമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;<br><br>(സി) ഇല്ലെങ്കിൽ വിനോദസഞ്ചാരികളെ ബോധവൽക്കരിക്കുന്നതിനും, പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) യും (സി) യും കേരളത്തിലെ വിനോദസഞ്ചാര മേഖലകളിലെ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സമഗ്ര പദ്ധതി ഡി.റ്റി.പി.സി, തദ്ദേശ സ്വയംഭരണ വകുപ്പ്, എൻ.ജി.ഒകൾ എന്നിവ മുഖാന്തിരം നടത്തിവരുന്നുണ്ട്. പ്ലാസ്റ്റിക് മാലിന്യങ്ങൾ വിമുക്തമാക്കാൻ സംസ്ഥാനത്തെ ഡി.റ്റി.പി.സികൾ മുഖേന ബോധവത്കരണ പ്രവർത്തനം നടത്തി വരുന്നു.<br><br>വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വം ഉറപ്പുവരുത്തുന്നതിന് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖാന്തിരം കുടുംബശ്രീയുമായി സഹകരിച്ച് "Clean Destination Campaign" എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ കോവളം, മൂന്നാർ, കുമ്പളങ്ങി പഞ്ചായത്ത്, വർക്കല എന്നീ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വിവിധ N.G.O കളുമായി സഹകരിച്ച് കൊണ്ടുള്ള മാലിന്യ നിർമ്മാർജ്ജന പദ്ധതികളും നടത്തിവരുന്നു. ആലപ്പുഴ, കുമരകം എന്നിവിടങ്ങളിലെ കായലോര ജലാശയങ്ങളിലെ മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനായി മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. |

Anuradha

**സെക്ഷൻ ഓഫീസർ**